എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 6, ലക്കം 8 | 2025 ആഗസ്റ്റ് 05

കാലാവസ്ഥ-അതിജീവനശേഷിയുള്ളതും ഊർജ്ജ-കാര്യക്ഷമവുമായ കൃഷിക്ക് കേരളം പുതിയ മാതൃക സൃഷ്ടിക്കുന്നു

CREEA - Pathways of Transition റിപ്പോർട്ട് തിരുവനന്തപുരത്ത് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്, വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി എന്നിവർ സംയുക്തമായി പ്രകാശനം ചെയ്തു. തിരുവനന്തപുരം ഹോട്ടൽ ഡിമോറയിൽ വെച്ച് നടന്ന "കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജ കാര്യക്ഷമതയും കാർഷികമേഖലയിൽ" എന്ന ശില്പശാലയിലാണ് സുപ്രധാന റിപ്പോർട്ട് പുറത്തിറക്കിയത്. എനർജി മാനേജ്മെന്റ് സെന്റർ കേരള (EMC), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് എന്നിവ സംയുക്തമായാണ് റിപ്പോർട്ട് പ്രകാശന ചടങ്ങ് സംഘടിപ്പിച്ചത്.

2023-24 കാലയളവിൽ കേരളത്തിലെ 14 ജില്ലകളിലായി പത്തൊൻപതിലധികം വകുപ്പുകൾ, അക്കാദമിക് സ്ഥാപനങ്ങൾ, കർഷക സമൂഹങ്ങൾ എന്നിവരുമായി സഹകരിച്ച് നടത്തിയ വിപുലമായ ജില്ലാതല ശില്പശാലകളുടെ ഫലമാണ് സമഗ്രമായ ഈ റിപ്പോർട്ട് തയ്യാറാക്കിയത്. കർഷകരും ശാസ്ത്രജ്ഞരും സ്റ്റാർട്ടപ്പുകളും ചേർന്ന് നിർമ്മിക്കുന്ന പുതിയ അഗ്രോ ഇന്നോവേഷൻ ലാബുകൾ, പുനരുത്പാദന ഊർജ്ജത്തിലൂടെ പ്രവർത്തിക്കുന്ന കാർഷിക യന്ത്രങ്ങൾ, സൂര്യോർജം, ബയോ ഗ്യാസ് എന്നിവയിലേക്കുള്ള മാറ്റം എന്നിവ പ്രോത്സാഹിപ്പിച്ച് ചെലവുകൾ കുറക്കാനും കാർബൺ ബഹിർഗമനം കുറയ്ക്കാനും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു

ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ച കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ കാർഷിക സമ്പത്ത് വ്യവസ്ഥയെയും ഭക്ഷ്യസുരക്ഷയെയും ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവയെ പ്രതിരോധിക്കുന്നതിനുള്ള സമഗ്രവും സമയബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണെന്ന് പറഞ്ഞു.

തുടർച്ച നാലാം പേജിൽ

EMC-CESL സഹകരണത്തിൽ കുടുംബശ്രീ വനിതകൾക്ക് ഇ-സൈക്കിൾ വിതരണം; കണ്ണൂരിൽ ജില്ലാതല ഉദ്ഘാടനം നടന്നു

'ഗ്രാമീണ വനിതകൾക്ക് ഇലക്ട്രിക് സൈക്കിളിലൂടെ സുസ്ഥിര ഗതാഗതം' (S.T.R.E.E) പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ അംഗങ്ങൾക്ക് ഇലക്ട്രിക് സൈക്കിളുകൾ വിതരണം ചെയ്യുന്നതിന്റെ കണ്ണൂർ ജില്ലാതല ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് നിർവ്വഹിച്ചു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു.

ഗ്രാമീണ വനിതാ സംരംഭകരുടെ ഉപജീവനം മെച്ചപ്പെടുത്തുകയും വരുമാനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കണ്ണൂരിൽ 350 ഇ-സൈക്കിളുകൾ വിതരണം ചെയ്യുമെന്ന് അറിയിച്ചു. ഗുണഭോക്താക്കൾക്കായി കുടുംബശ്രീ 40 വയസ്സിൽ താഴെയുള്ള, ദിനംപ്രതി 5 കിമീ സഞ്ചരിക്കുന്ന അയൽക്കൂട്ട അംഗങ്ങളെയാണ് തിരഞ്ഞെടുത്തത്.

ഒരു ഇ-സൈക്കിളിന് 33,000 രൂപ വിലയുണ്ടെങ്കിലും ഗുണഭോക്താവ് 3,000 രൂപ മാത്രം നൽകി. ബാക്കി തുക

എനർജി മാനേജ്മെന്റ് സെന്ററും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും ഏറ്റെടുക്കുന്നു. 40 കിമീ ദൂരം യാത്ര ചെയ്യാൻ കഴിയുന്ന ഇ-സൈക്കിൾ ഒരു ചാർജിനായി 0.5 യൂണിറ്റ് വൈദ്യുതി മാത്രമേ ആവശ്യമായുള്ളൂ.

Energy Management Centre - Kerala Hosts Training for Building Energy Efficiency Experts

The Energy Management Centre - Kerala (EMC) conducted a focused two-day training program on July 18-19, 2025, as part of the SUSTHIRA - Awareness Campaign. Designed specifically for Building Energy Efficiency Experts (BEEEs) empanelled by EMC, the training aimed to enhance their technical capabilities for effective implementation of the Energy Conservation and Sustainable Building Code (ECSBC) across Kerala. Organized by the Kerala Building Cell of EMC, the program was inaugurated by Dr. R. Harikumar, Director, EMC-Kerala, who emphasized the need for strong field-level preparedness. Mr. Johnson Daniel, Head of the NMEEE & DSM Division, delivered the welcome address, highlighting the importance of energy conservation in achieving sustainable development goals.

BEE-certified Master Trainers, Mr. M. Mahesh Kumar and Mr. Shreeganesh V. Nair, led the technical sessions, providing detailed insights into the evolution from the earlier Energy Conservation Building Code (ECBC) to the newly notified ECSBC 2024 and the Kerala ECSBC Rules 2025. The training covered updated regulatory frameworks, practical implementation strategies, and compliance methodologies. This initiative is expected to strengthen the capacity of BEEEs, equipping them with the knowledge and tools necessary to drive the successful adoption of ECSBC and promote sustainable building practices throughout the state.

Energy Management Centre's Energy Meter Calibration Lab Achieves NABL Re-Accreditation

The Energy Meter Calibration Lab (C-1525) under EMC has received re-accreditation from NABL, conforming to ISO/IEC 17025:2017 standards. Accredited since 2021, this renewed certification is valid from July 15, 2025, to July 14, 2029, reaffirming the lab's commitment to quality and precision.

The lab plays a key role in ensuring the accuracy of energy meters used across Kerala's power sector, further strengthening EMC's role in promoting reliable energy measurement and quality assurance.

Kerala Building Cell Kicks Off In-Person ECSBC Training for Sustainable Development

The Kerala Building Cell under EMC conducted its first in-person training on the Energy Conservation and Sustainable Building Code (ECSBC) as part of the SUSTHIRA - Awareness Campaign on July 17, 2025, at Hotel Residency Tower, Thiruvananthapuram. The event marked a significant step toward implementing ECSBC 2024 and the Kerala ECSBC Rules 2025.

Virtually inaugurated by Honourable Minister Shri. K. Krishnankutty, with a keynote address by Shri. Puneet Kumar IAS, the program featured sessions led by BEE Master Trainers covering ECSBC and Eco Niwas Samhitha (ENS) 2024.With active participation from government engineers, the event set the tone for Kerala's shift toward a climate -responsive and sustainable built environment.

ഊർജ കാര്യക്ഷമത: ജാപ്പനീസ് മാതൃകകൾ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു

തിരുവനന്തപുരം: ഇന്ത്യൻ വ്യവസായങ്ങളിലും സ്ഥാപനങ്ങളിലും ജാപ്പനീസ് മാനേജ്മെന്റ് തന്ത്രങ്ങളിലൂടെ ഊർജ കാര്യക്ഷമതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്തുകൊണ്ട്, "ഊർജ കാര്യക്ഷമത: ജാപ്പനീസ് മാതൃക" എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് ദേശീയ സെമിനാർ സംഘടിപ്പിച്ചു. കേരള എനർജി മാനേജ്മെന്റ് സെന്ററിൽ വെച്ച് Alumni Society of AOTS , Trivandrum Centre (ASATC), Federation of AOTS Alumni Association of India (FAAAI), Energy Management Centre എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി നടന്നത്.

വിവിധ മേഖലകളിൽ നിന്നുള്ള വ്യവസായ പ്രൊഫഷണലുകൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്ത സെമിനാറിൽ, ജാപ്പനീസ് മാതൃകകളുടെ പ്രായോഗിക സാധ്യതകൾ വിശദമായി പരിശോധിച്ചു. ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ ഐ എ എസ് സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രക്രിയാധിഷ്ഠിത ഊർജസംരക്ഷണ തന്ത്രങ്ങളുടെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് അദ്ദേഹം സംസാരിച്ചു. ഇ.എം.സി. ഡയറക്ടറും എ.എസ്.എ.ടി.സി. പ്രസിഡന്റുമായ ഡോ. ആർ. ഹരികുമാർ മുഖ്യപ്രഭാഷണം നടത്തി. എ എസ് എ ടി സി ചെയർമാൻ ലിയോൺ മോഹൻ രാജ് , Federation of AOTS Alumni Association of India (FAAAI) പ്രസിഡന്റ് ജി. ചന്ദ്രമോഹൻ എന്നിവർ പരിപാടിക്ക് ആശംസകൾ നേർന്നു. നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ മുൻ ഡയറക്ടർ അശ്വിൻ കെ പി , എൻ പി സി മുൻ ഡയറക്ടർ ഡോ. ജെ. നാഗേഷ് കുമാർ, Alumni Society of AOTS , Trivandrum Centre (ASATC) പ്രതിനിധികളായ അശോക് കുമാർ, ഡോ. എസ് രത്നകുമാർ തുടങ്ങിയ പ്രമുഖർ സാങ്കേതിക സെഷനുകൾക്ക് നേതൃത്വം നൽകി.

അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട മാതൃകകൾ സ്വീകരിക്കുന്നതിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതിന്റെ ആവശ്യകത സെമിനാർ ചർച്ച ചെയ്തു. സാങ്കേതിക സെഷനുകളിൽ ജാപ്പനീസ് സംവിധാനങ്ങളായ 5S, Kaizen, ക്വാളിറ്റി സർക്കിൾ തുടങ്ങിയവയുടെ പ്രായോഗികമായ അനുഭവങ്ങൾ വിശദീകരിച്ചു. ഊർജ കാര്യക്ഷമതയും ഉൽപ്പാദനക്ഷമതയും ഉൾപ്പെടെയുള്ള മേഖലകളിൽ ഇന്തോ-ജാപ്പനീസ് സഹകരണത്തിന് കൂടുതൽ സാധ്യതകളുണ്ടെന്നും ഇതിനായുള്ള ചർച്ചകൾ തുടരുന്നതിനും സെമിനാർ തീരുമാനിച്ചു. എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ സുഭാഷ് ബാബു ബി വി നന്ദി പറഞ്ഞു

STREE Initiative: Energy Champions Training Enhances Rural Mobility and Empowerment

The Energy Management Centre (EMC) successfully organized the Energy Champions Training Programme 2nd July at the Valakkai Krishi Bhavan Hall, as part of the "Sustainable Transport for Rural Entrepreneurs through Electric Bicycles (STREE)" initiative. The session saw the participation of 50 selected Kudumbashree beneficiaries, alongside representatives from EMC, Energy Efficiency Services Limited (EESL), IIT Bombay, Kudumbashree, and Chengala Panchayath.

The STREE scheme is a significant initiative focused on empowering women and strengthening the rural economy through eco-friendly mobility solutions. So far, the project has facilitated the distribution of 350 electric bicycles in Kannur district and 250 in Palakkad district (as of April

2025). This training program is a crucial step in ensuring the effective utilization and maintenance of these electric bicycles, further promoting sustainable transportation in rural areas.

കാർഷിക മുന്നേറ്റം, ഊർജ്ജ സുരക്ഷ: കേരളത്തിന്റെ നൂതന കാർഷിക നയം

വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നമ്മുടെ പാരമ്പര്യ കാർഷിക ജ്ഞാനത്തെയും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയെയും സംയോജിപ്പിച്ച്, കാർഷികമേഖലയെ കൂടുതൽ കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതാക്കാൻ സാധിക്കണം എന്ന് പറഞ്ഞു. പ്രിസിഷൻ ഫാമിംഗ് ഡ്രിപ് ഇറിഗേഷൻ തുടങ്ങിയ കർഷകർക്ക് സഹായകമായ മാർഗ്ഗങ്ങളെ കാർഷിക മേഖലയെ ഊർജക്ഷമമാക്കുന്നതിനായി അവലംബിക്കേണ്ടതുണ്ടെന്നും പറഞ്ഞു.

ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. പുനീത് കുമാർ IAS മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ EMC ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗത പ്രാസംഗികനായി

ഡോ. ശേഖർ കുര്യാക്കോസ്, ചീഫ് റെസ്ലിയൻസ് ഓഫീസർ, കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ, ശ്രീ. ജോൺസൺ ഡാനിയേൽ, ഹെഡ്, ഊർജകാര്യക്ഷമത വിഭാഗം, എനർജി മാനേജ്മെന്റ് സെന്റർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളതും ഊർജ കാര്യക്ഷമവുമായ കൃഷി രീതികളിലേക്ക് കേരളത്തെ ഒന്നാടങ്കം മാറ്റുന്നതിനുള്ള വിശദമായ റിപ്പോർട്ടിന്റെ പ്രധാന കണ്ടെത്തലുകളും ശുപാർശകളും കൃഷി വിദഗ്ധ ശ്രീമതി. ഉഷ സൂലാപണിയും, EQUINOCT-ലെ ഡോ. കെ.ജി. ശ്രീജയും ചേർന്ന് ചടങ്ങിൽ അവതരിപ്പിച്ചു..

Thirunelly Agri Producer Company Limited (TAPCo) CEO ശ്രീ. രാജേഷ് കൃഷ്ണൻ കാർഷിക മേഖലയുടെ നവീകരണം, സാമൂഹിക പങ്കാളിത്തം, കാലാവസ്ഥാ-സ്മാർട്ട് കൃഷി എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രധാന പദ്ധതി ആശയങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ശ്രീ. ശ്രീധർ രാധാകൃഷ്ണൻ മോഡറേറ്ററായുള്ള പാനൽ ചർച്ച നടന്നു. കൃഷി, പരിസ്ഥിതി, ഗ്രാമവികസനം എന്നീ മേഖലകളിലെ പ്രമുഖ വിദഗ്ദ്ധരും ഭരണകർത്താക്കളും വകുപ്പ് തലവൻമാരും ചർച്ചയിൽ പങ്കെടുത്തു. റിപ്പോർട്ട് നടപ്പാക്കുന്നതിനാവശ്യമായ പങ്കാളിത്തപരമായ സമീപനത്തിന്റെ ആവശ്യകത വിശദീകരിച്ചു. പ്രാദേശിക ജ്ഞാനവും പങ്കാളിത്ത രീതികളും ഉൾപ്പെടുത്തി കൃഷിയെ ശക്തിപ്പെടുത്തുകയും, ഊർജക്ഷമത ഉറപ്പാക്കുകയും ചെയ്യുന്നതിനാണ് ഈ റിപ്പോർട്ട് ലക്ഷ്യം വയ്ക്കുന്നത്. അസർ സോഷ്യൽ ഇംപാക്ട് അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ – സ്റ്റേറ്റ് ക്ലൈമറ്റ് ആക്ഷൻ ഡോ. പ്രിയ പി. പിള്ള പരിപാടിയിൽ നന്ദി രേഖപ്പെടുത്തി.

INDUSTRIAL INTERACTION PROGRAMME

On July 26, 2025, 60 B.Tech Electrical and Electronics Engineering students from Mangalam College of Engineering, Ettumanoor, along with four faculty members, visited the Energy Management Centre - Kerala (EMC) for an industrial interaction program. The visit offered practical exposure to energy management and sustainable practices to the students.

The program featured a context-setting address by Dinesh Kumar A N, Joint Director, EMC, and a technical session by Rajeev K R, Energy Technologist, on energy efficiency and conservation. Students also toured EMC's Energy Meter Calibration Laboratory and LED Testing Facility, gaining hands-on insights into advanced systems and testing protocols. The visit effectively bridged classroom learning with industry applications, enriching the students' understanding of energy management.

ഊർജസംരക്ഷണത്തിന് ഉണർവ്വ്

ഇ എം സി വിദ്യാർത്ഥികൾക്കും അധ്യാപകർക്കായി നടത്തി വരുന്ന ഊർജ്ജ സംരക്ഷണ അവബോധ പരിപാടിയായ " ഉണർവ്വ് " 2025 ജൂലൈ 26-ാം തീയതി എനർജി മാനേജ്മെന്റ് സെന്റർ ഓഡിറ്റോറിയത്തിൽ നടന്നു. ഗവൺമെന്റ് ഹൈസ്കൂൾ കരിപ്പൂർ, തിരുവനന്തപുരത്തു നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത പരിപാടിയിൽ ശ്രീമതി സിന്ധു എസ് കുമാർ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസർ ഇ എം സി സ്വാഗതം ആശംസിച്ചു. ശ്രീ ടോംസൺ സെബാസ്റ്റ്യൻ എനർജി ടെക്നോളജിസ്റ്റ് ഇ എം സി ആമുഖപ്രഭാഷണം നടത്തി. ശ്രീമതി ദിവ്യ പ്രോജക്ട് കോഡിനേറ്റർ, ഇ എം സി ഊർജ്ജ സംരക്ഷണ അവബോധ ക്ലാസ്സ് നടത്തി. ഇ എം സി ലാബ് സന്ദർശനം, ഇലക്ട്രിക് സൈക്കിൾ പരിചയം എന്നിവയും നടന്നു. ചടങ്ങിൽ ശ്രീ വിജീഷ്, അധ്യാപകൻ ഗവൺമെന്റ് ഹൈസ്കൂൾ കരിപ്പൂർ നന്ദിയും പ്രകാശിപ്പിച്ചു. ജൂലൈ മാസത്തിൽ 6 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 277 വിദ്യാർത്ഥികളാണ് ഉണർവ് പരിപാടിയിൽ പങ്കെടുത്തത്.

Design & Layout: Prajeesh A.

Oorja Pathrika, Vol-6, Issue-8, 5th August 2025

Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

Energy Management Centre – Kerala
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256